ഇന്റർവ്യൂ ⁘ ടി.പി. ശ്രീനിവാസൻ ⁘ വി.ഡി. ശെൽവരാജ്



# യൂണിവേഴ്സിറ്റികൾ ഇല്ലാതാകും

⁘ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ടി.പി ശ്രീനിവാസൻ ഫോട്ടോ- അശോക് കരകുളം

സൽമാൻഖാനെ അറിയുമോ?

വിദ്യാർത്ഥികളോട് (അദ്ധ്യാപകരോടും) ഈ ചോദ്യം ചോദിക്കുന്നത് ടി.പി. ശ്രീനിവാസനാണ്; കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാൻ.

'ഹിന്ദിനടൻ സിക്സ് പാക്ക് അല്ലേ' എന്നാണ് മറുപടിയെങ്കിൽ വിദ്യാർത്ഥികളുടെ മാർക്ക് പോയി. അദ്ധ്യാപകരാണ് അങ്ങനെ പറയുന്നതെങ്കിൽ പ്ളീസ് ഗറ്റൗട്ട്! ശ്രീനിവാസൻ പറയുന്ന സൽമാൻഖാൻ നടൻ അല്ല; പക്ഷേ സൂപ്പർസ്റ്റാർ തന്നെ. ആഗോള വിദ്യാഭ്യാസ പ്രവർത്തനരംഗത്ത്. എന്താണ് സൽമാൻ ഖാന്റെ പണി എന്നല്ലേ? ഓൺലൈൻ വഴി വീഡിയോ ക്ളാസ് എടുക്കുന്നു.

കണക്കിലും സയൻസിലും ഊന്നൽ നൽകി 4,800 വീഡിയോകളാണ് സൽമാൻ ഖാൻ തന്റെ വീട്ടിലിരുന്ന് നിർമ്മിച്ചത്. അവയെല്ലാം യു ട്യൂബിൽ ഇട്ടുകൊടുത്തു. ഇക്കഴിഞ്ഞ ഏപ്രിലിലെ കണക്കനുസരിച്ച് 41 കോടി തവണ ഈ വീഡിയോകൾ ആഗോളതലത്തിൽ കണ്ടു. 17 ലക്ഷം വരിക്കാരാണ് സൽമാൻ ഖാന്റെ ഓൺലൈൻ വീഡിയോയ്ക്കുള്ളത്. മൈക്രോസോഫ്റ്റിന്റെ ബിൽ ഗേറ്റ്സ് മക്കളെ പഠിപ്പിക്കുന്നത് സൽമാൻ ഖാന്റെ വീഡിയോ കാട്ടിയാണ്! ഖാൻ അക്കാദമി എന്ന വെബ്സൈറ്റിൽ ഇവ സൗജന്യമായി കിട്ടും. 'യെസ് വി ഖാൻ' എന്നൊരു കാമ്പയിൻ തന്നെയുണ്ട്. ഒബാമയുടെ 'യെസ് വി കാൻ' പോലെ!

ശ്രീനിവാസൻ സംസാരിച്ചുതുടങ്ങിയത് ഉന്നത വിദ്യാഭ്യാസരംഗത്തെ ആഗോളമാറ്റങ്ങളെപ്പറ്റിയാണ്. അദ്ധ്യാപകനെക്കുറിച്ചും ക്ളാസ് മുറിയെപ്പറ്റിയുമുള്ള സങ്കല്പങ്ങൾ മാറുകയാണ്. അറിവിന്റെ നിറകുടമാണ് അദ്ധ്യാപകൻ, അങ്ങേരുടെ ക്ളാസിൽ കയറിയില്ലെങ്കിൽ മൊട്ട എന്നു ചിന്തിക്കുന്ന കാലമൊക്കെ പോയി.

അമേരിക്കയിലെ പുതിയ വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച് കുട്ടികൾക്ക് വീട്ടിലിരുന്ന് പഠിക്കാം: ഹോംവർക്ക് ചെയ്യാൻ ക്ളാസിൽ വന്നാൽ മതി! ഓൺലൈൻ വഴിയാണ് ടീച്ചർമാർ ക്ളാസ് എടുക്കുന്നത്. വീട്ടിലിരുന്ന് സൗകര്യം പോലെ ലാപ്ടോപ്പിലോ ടാബ്‌ലറ്റിലോ അത് കാണാം, കേൾക്കാം. സംശയങ്ങൾ അപ്പോൾത്തന്നെ ചോദിക്കാം; മറുപടിയും കിട്ടും. ഹോംവർക്കും തരും. അതുപക്ഷേ ക്ളാസിൽ വന്ന് അദ്ധ്യാപകരുടെ സഹായത്തോടെ ചെയ്താൽ മതി! ഈ പരിഷ്കാരം വന്നതോടെ അമേരിക്കൻ സ്കൂളുകളിലെ വിജയനിലവാരം 85ൽ നിന്നും 93 ആയത്രേ. അതെന്തുതന്നെയായാലും അദ്ധ്യാപകവൃത്തിയുടെ രീതി മാറുകയാണ്. പഴയ നോട്ട്ബുക്ക് വച്ച്

അമേരിക്കയിലെ പുതിയ രീതി അനുസരിച്ച് കുട്ടികൾക്ക് വീട്ടിലിരുന്ന് പഠിക്കാം. ഹോംവർക്ക് ചെയ്യാൻ സ്കൂളിൽ വന്നാൽ മതി. ഓൺലൈനിൽ വീഡിയോ വഴിയാണ് ക്ലാസ്.

ഓൺലൈൻ വീഡിയോ ക്ലാസുകൾ ആഗോള വിദ്യാഭ്യാസ വിപ്ലവം സൃഷ്ടിക്കുന്നു. മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (മൂക്ക്) എന്ന വിദൂരവിദ്യാഭ്യാസ കോഴ്സ് നടത്താൻ എം.ഐ.റ്റിയും ടെക്സസും ഹാർവാർഡും അടക്കം ലോക പ്രശസ്ത സർവ്വകലാശാലകൾ മത്സരിക്കുന്നു. ഹാർവാർഡിലെ പ്രൊഫസറുടെ ക്ലാസിൽ കേവലം 17 പേർമാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഓൺലൈൻ വഴി പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഹാജരാകുന്നു.

അമേരിക്കയിലെ സൽമാൻ ഖാൻ കണക്കിലും സയൻസിലും തയ്യാറാക്കിയ 4800 വീഡിയോ ട്യൂട്ടോറിയലുകൾ ഓൺലൈൻ വഴി ലോകം കണ്ടത് 41കോടി തവണ. ബിൽഗേറ്റ്സ് മക്കളെ പഠിപ്പിക്കുന്നത് ഈ വീഡിയോ ഉപയോഗിച്ച്.

ലോകപ്രശസ്തവ്യക്തികൾ ഒരു വിഷയത്തെപ്പറ്റി നടത്തുന്ന 18 മിനിട്ടുള്ള ആധികാരിക പ്രഭാഷണം കേൾക്കാൻ റ്റെഡ് ടോക്സ് എന്ന ഓൺലൈൻ സംവിധാനം ഉണ്ട്. 1700 പേരുടെ പ്രഭാഷണം ഈ സൈറ്റിൽ കിട്ടും - ഉന്നതവിദ്യാഭ്യാസ രംഗത്തെ ആഗോളമാറ്റങ്ങളെപ്പറ്റി സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ടി.പി ശ്രീനിവാസൻ സംസാരിക്കുന്നു.



ഃ സൽമാൻ ഖാൻ വീഡിയോ ക്ലാസ് തയ്യാറാക്കുന്നു

ക്ളാസെടുക്കുന്ന അദ്ധ്യാപകർ ഇന്ന് പഴഞ്ചരക്കാണ്. പുതിയ കാര്യം വല്ലതും പറയാനുണ്ടോ, എങ്കിലേ സാറന്മാരുടെ കൂടെ പിള്ളാരു കാണൂ. അതും ഓൺലൈനിൽ പറഞ്ഞാൽ മതി. ഐപാഡിലോ ടാബ്‌ലറ്റിലോ സൗകര്യം പോലെ സാറിനെ കേട്ടോളാം. ഇങ്ങനെ പഠിപ്പിച്ചാൽ എത്ര പിള്ളേരു കാണുമെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് സൽമാൻഖാന്റെ ട്യൂട്ടോറിയൽ.

പാതി ഇന്ത്യാക്കാരനാണ് സൽമാൻഖാൻ. അമ്മ ബംഗാളി; അച്ഛൻ ബംഗ്ലാദേശുകാരൻ. അമേരിക്കയിൽ ജനനം. എം. ഐ.ടി.യിൽ നിന്നും എം.എസ്സും ഹാർവാർഡിൽ നിന്ന് എം.ബി.എയും നേടിയ ഖാൻ, ഹെഡ്ജ് ഫണ്ട് എന്ന ധനകാര്യസ്ഥാപനത്തിൽ അനലിസ്റ്റ് ആയിരുന്നു. ''ഈ കണക്കൊന്ന് പറഞ്ഞുതരുമോ അങ്കിൾ'' എന്ന് ബന്ധുവായ കുട്ടിയുടെ സംശയമാണ് സൽമാന്റെ ജീവിതത്തിന്റെ 'കണക്കു തെറ്റിച്ചത്.' യാഹുവിന്റെ ഡൂഡിൽ നോട്ട്പാഡിലൂടെ കണക്കു ചെയ്തുകൊടുത്തു അദ്ദേഹം. ആ വീഡിയോ ട്യൂഷൻ സംശയം ചോദിച്ച കുട്ടിക്കു മാത്രമല്ല സഹപാഠികൾക്കും ഇഷ്ടമായി. അവർ കൂടുതൽ സംശയങ്ങൾ സൽമാൻ ഖാനോട് ഓൺലൈനിൽ ചോദിക്കാൻ തുടങ്ങി. ഖാൻ, ഉച്ചയൂണുസമയത്ത് മുഴുവൻ കണക്കും പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. 2003ലായിരുന്നു ഇത്. മൂന്നുവർഷം കഴിഞ്ഞപ്പോൾ, 2006ൽ സൽമാൻ ഖാൻ യു ട്യൂബിൽ അക്കൗണ്ട് തുറന്ന് തന്റെ വീഡിയോ ടൂട്ടോറിയലുകൾ അപ്‌ലോഡ് ചെയ്തു. പിന്നീടുള്ളത് ഓൺലൈനിലെ ഏറ്റവും വലിയ ഹിറ്റിന്റെ ചരിത്രമാണ്. ഖാൻ തയ്യാറാക്കിയ കണക്കിന്റെയും സയൻസിന്റെയും വീഡിയോ ക്ളാസുകൾ യു.എസ്സിൽ മാത്രമല്ല, ഓൺലൈൻ വഴി ലോകം മുഴുവൻ വൻഹിറ്റായി. തുടർന്ന് 2009 ഒടുവിൽ ജോലി രാജിവച്ച് ഓൺലൈൻ ക്ളാസിനു മാത്രമായി സൽമാൻ ഖാൻ ഇറങ്ങി. അങ്ങനെ രൂപംകൊണ്ടതാണ് ഓൺലൈൻ ടൂട്ടോറിയലായ ഖാൻ അക്കാദമി. 2012ൽ ടൈം മാഗസിൻ ലോകത്തെ ഏറ്റവും സ്വാധീനമുള്ള നൂറുപേരിൽ ഒരാളായി ഖാനെ അവതരിപ്പിച്ചു. ഫോർബ്സ് മാഗസിൻ ഖാനെപ്പറ്റി കവർസ്റ്റോറി തന്നെ പ്രസിദ്ധീകരിച്ചു.

സൽമാൻഖാന്റെ ഇക്കഥയുടെ ഗുണപാഠം: സമർത്ഥനായ അദ്ധ്യാപകനെ ഒരു ക്ളാസ് മുറിയുടെ അതിരിൽ നിന്ന് ലോകം മുഴുവൻ എത്തിക്കാനാകും എന്നുകൂടിയാണ്. ടി.പി. ശ്രീനിവാസൻ, തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിയായിരുന്ന 40 കൊല്ലം പിന്നിലേക്കു പോയി. കുമാരപിള്ളസാറും അയ്യപ്പപ്പണിക്കർ സാറും അടക്കം പ്രശസ്ത അദ്ധ്യാപകരുടെ നിരയുണ്ട്. പക്ഷേ, അവരുടെ ക്ളാസിൽ ഇരിക്കാൻ 40 പേർക്കേ ഭാഗ്യമുള്ളൂ. ഇന്നത്തെപ്പോലെ സാങ്കേതികവിദ്യ ഉണ്ടായിരുന്നെങ്കിൽ എത്രയോ പേർക്ക് ആ ക്ളാസിൽ ഇരിക്കാമായിരുന്നു. ഇപ്പോഴും അവരുടെ ക്ളാസുകൾ ആസ്വദിക്കാമായിരുന്നു. കേരളത്തിൽ ഇന്നും പ്രശസ്തരായ അദ്ധ്യാപകരുണ്ട്. പക്ഷേ, അവരുടെ അദ്ധ്യയനം ഒരു ക്ളാസ് മുറിയിൽ ഒതുങ്ങുന്നു. സാങ്കേതികവിദ്യയൊക്കെ വന്നിട്ടും കേരളത്തിൽ ഇന്നും വിർച്വൽ ക്ളാസ് റൂം ഇല്ല. കേരളത്തിലെ പ്രശസ്തരായ അദ്ധ്യാപകരുടെ ക്ളാസ് ലോകത്ത് എവിടെയിരുന്നും ആസ്വദിക്കാവുന്ന അവസ്ഥ വരേണ്ടതല്ലേ? വരണം. കേരളത്തിലെ കോളേജുകൾ വിർച്വൽ ക്ളാസ് റൂമാക്കി മാറ്റാനുള്ള വലിയൊരു പദ്ധതിയുണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസലിന് – ഐ.ടി. അറ്റ് കോളേജ്. ഐ.ടി. അറ്റ് സ്കൂൾ പോലൊരു പദ്ധതി.

കേരളത്തിൽ ഒരദ്ധ്യാപകൻ 40 കുട്ടികളെയാണ് ഒരു ക്ളാസിൽ പഠിപ്പിക്കുന്നതെങ്കിൽ ഹാർവാർഡിലും മറ്റും 17 പേർ മാത്രമേ കാണൂ. ഹാർവാർഡിലെ ലോകപ്രശസ്തരായ പ്രൊഫസർമാർക്ക് മുന്നിൽ 17 വിദ്യാർത്ഥികൾ മാത്രം ഇരുന്നു പഠിക്കുന്ന സ്ഥാനത്ത് ഇന്ന് പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് ഹാജരാകുന്നത്. എല്ലാം ഓൺലൈൻ ക്ളാസ് റൂമിന്റെ സൗകര്യം. വിദൂര വിദ്യാഭ്യാസവും ഇന്ന് വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. സൽമാൻ ഖാന്റെ ടൂട്ടോറിയൽ പോലെ ലോകപ്രശസ്തമായ യൂണിവേഴ്സിറ്റികളും ഓൺലൈൻ കോഴ്സുകൾ നടത്തുന്നു. മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സസ് (മൂക്ക്സ്– MOOCS) എന്നാണ് ഇവ അറിയപ്പെടുന്നത്. എം.ഐ.ടിയും സ്റ്റാൻഫോർഡും ടെക്സസ് യൂണിവേഴ്സിറ്റിയും തുടങ്ങി ലോകപ്രശസ്ത സ്ഥാപനങ്ങൾ നടത്തുന്ന മൂക്ക്സ് കോഴ്സിൽ സൗജന്യമായി പഠിക്കാം. സർട്ടിഫിക്കറ്റ് നേടണമെങ്കിൽ മാത്രം ഫീസ് അടച്ച് പരീക്ഷ എഴുതണം. വൈവിധ്യമാർന്ന വിഷയങ്ങളെ അധികരിച്ച് മൂക്ക്സിൽ കോഴ്സുണ്ട്. ഉദാഹരണമായി ഉന്നതവിദ്യാഭ്യാസം തന്നെയെടുക്കാം. ലോകത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെ ട്രെൻഡ് എങ്ങനെ എന്നറിയാൻ മൂക്ക്സിലെ ഒരു കോഴ്സിൽ ചേർന്നാൽ മതി. ടി.പി. ശ്രീനിവാസൻ തന്നെ ഈ വിഷയത്തിൽ ഒരു വിദ്യാർത്ഥിയാണ്. അദ്ദേഹം തിരുവനന്തപുരത്തെ വീട്ടിലിരുന്ന് മൂക്ക്സ് വഴി ഉന്നതവിദ്യാഭ്യാസത്തിന്റെ ആഗോളഗതിയെപ്പറ്റി പഠിക്കുന്നു. മൂക്ക്സ് നിങ്ങൾക്ക് എത്തിച്ചുതരാൻ പ്രശസ്തരായ സേവനദാതാക്കളുമുണ്ട് – ഉഡാസിറ്റി (UDACITY), കോഴ്സേറ, (COURSERA), എഡ് എക്സ് (EDX). നെറ്റിൽ ഈ പേര് എന്റർ ചെയ്താൽ അനേകം കോഴ്സുകൾ വീഡിയോകളായി മുന്നിലെത്തുകയായി. ടീച്ചർ പറയുന്നതു കേൾക്കാൻ മാത്രമല്ല, അങ്ങോട്ടു ചോദിക്കാനുള്ള സൗകര്യവും ഇതിലുണ്ട്. ക്ളാസുകൾ കൂടുതൽ വ്യക്തമാക്കിത്തരാൻ ടീച്ചിംഗ് അസിസ്റ്റന്റുമാരുമുണ്ട്.

ഓൺലൈനിൽ ഇനിയുമുണ്ട് വിശേഷങ്ങൾ. നിങ്ങൾക്ക് ഇഷ്ടപ്പെട്ട വിഷയത്തെപ്പറ്റി ലോകപ്രശസ്തനായ ഒരാളുടെ ആധികാരിക പ്രഭാഷണം കേൾക്കണം എന്നിരിക്കട്ടെ. അതിനുള്ള സൗകര്യമാണ് റെഡ് ടോക്സ് (TED TALKS), ന്യൂയോർക്ക് ആസ്ഥാനമായ സാപ്ളിങ് ഫൗണ്ടേഷനാണ് ഇതിന്റെ സംഘാടകർ. മൂല്യവത്തായ ആശയങ്ങൾ പ്രചരിപ്പിക്കുക എന്ന മുദ്രാവാക്യത്തോടെ തുടങ്ങിയതാണ് റെഡ് കോൺഫറൻസ്. റെഡ് എന്നു പറഞ്ഞാൽ ടെക്നോളജി, എന്റർടെയിൻമെന്റ്, ഡിസൈൻ.

നോബൽ ജേതാക്കൾ മുതൽ ഗൂഗിളിന്റെ സ്ഥാപകൻ ലാരി പേജും സെർജി ബ്രിന്നും വരെ 1700 പേരുടെ പ്രഭാഷണങ്ങൾ ഇപ്പോൾ റെഡ് കോൺഫറൻസിലുണ്ട്. 50 കോടിപ്പേർ ഇതു കണ്ടുകഴിഞ്ഞു. 18 മിനിട്ടു മാത്രം ദൈർഘ്യമുള്ളതാണ് പ്രഭാഷണങ്ങൾ. സദസ്സിനു മുന്നിൽ അവതരിപ്പിക്കുന്ന പ്രഭാഷണങ്ങൾ അതേപോലെ ഷൂട്ട് ചെയ്ത് അവതരിപ്പിക്കുന്നതാണ് റെഡ് കോൺഫറൻസ്. ശാസ്ത്രവും സംസ്കാരവും ഗവേഷണവുമെല്ലാം പ്രഭാഷണ വിഷയങ്ങളിൽപ്പെടുന്നു. ഏറ്റവും ആധുനിക രീതിയിൽ, ഏറ്റവും ആകർഷകമായി, 18 മിനിട്ടിനുള്ളിൽ വിഷയം അവതരിപ്പിക്കാനാണ് പ്രഭാഷകരോട് സംഘാടകർ ആവശ്യപ്പെടുന്നത്. ആയതിനാൽ വാചകമടിയില്ല, ബോറടിയും.

ഇതുവരെ പറഞ്ഞവ – സൽമാൻ ഖാന്റെ വീഡിയോയും മൂക്ക്സും റെഡ് കോൺഫറൻസും – എല്ലാം തന്നെ ഉന്നതവിദ്യാഭ്യാസത്തിൽ വിദേശമാതൃകകളാണ്. എന്നാൽ ഇന്ത്യയിലെ കാര്യമോ? കേരളത്തിന്റെ അവസ്ഥയോ?




**ഇനിയുള്ള 25 വർഷത്തിനിടെ ഉണ്ടാകുന്ന ആഗോള അവസരങ്ങൾ നികത്താൻ ഇന്ത്യയിലെ ചെറുപ്പക്കാരെയാണ് ലോകം കാത്തിരിക്കുന്നത്. അങ്ങനെ അവർ ചുമതല ഏറ്റെടുക്കണമെങ്കിൽ ഇപ്പോഴത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായം മാറണം. മാത്രമല്ല കൂടുതൽ ചെറുപ്പക്കാർ ഉന്നത വിദ്യാഭ്യാസത്തിന് പോകുകയും വേണം.**



## പൊലീസ് യൂണിവേഴ്സിറ്റി പൊലീസുകാർക്ക് മാത്രമുള്ളതല്ല

കേരള സർക്കാർ തുടങ്ങാൻ പോകുന്ന പൊലീസ് യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കാര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ജൂണിൽ സമർപ്പിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയർമാൻ ടി.പി. ശ്രീനിവാസൻ പറഞ്ഞു. യൂണിവേഴ്സിറ്റിയെപ്പറ്റി പഠിക്കാനുള്ള സമിതി രൂപീകരിക്കാൻ സർക്കാർ ചുമതലപ്പെടുത്തിയത് കൗൺസിലിനെയായിരുന്നു. ഇതനുസരിച്ച് ഡോ. എം.ആർ മാധവൻമേനോൻ ചെയർമാനും മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ, മുൻ ഡി.ജി.പിമാരായ രമൺ ശ്രീവാസ്തവ, ഹോർമിസ് തരകൻ, ജേക്കബ് പുന്നൂസ് തുടങ്ങിയവർ അംഗങ്ങളുമായുള്ള സമിതി രൂപീകരിക്കുകയുണ്ടായി.

ഇന്റേണൽ സെക്യൂരിറ്റി ആന്റ് പൊലീസ് സ്റ്റഡീസ് യൂണിവേഴ്സിറ്റി എന്നാണ് സർവ്വകലാശാലയുടെ സാങ്കേതികമായ പേര്. ഇന്ത്യയിൽ ഗുജറാത്തിലും രാജസ്ഥാനിലും ഇത്തരം സർവ്വകലാശാലകളുണ്ട്.

ലോകം മുഴുവനായി സെക്യൂരിറ്റി എന്ന വലിയ ചുമതല, വൻ വ്യവസായമെന്ന നിലയിൽ വളരുകയാണ്. അതുകൊണ്ടുതന്നെ ഈ രംഗത്ത് ധാരാളം തൊഴിലവസരവും ഉണ്ട്. എന്നാൽ, ഈ രംഗത്ത് മതിയായ അക്കാദമിക് യോഗ്യതയുള്ളവരെ കിട്ടാനില്ല. അതുപോലെതന്നെ ഫോറൻസിക് രംഗവും വലിയ അവസരമായി വളരുകയാണ്. ഇതെല്ലാം കണക്കിലെടുത്ത് സെക്യൂരിറ്റി, ഫോറൻസിക് സ്റ്റഡീസ് എന്നിവയിൽ ബിരുദം നൽകുന്ന സ്ഥാപനമാകും പൊലീസ് യൂണിവേഴ്സിറ്റി. പൊലീസുകാർക്ക് മാത്രം പഠിക്കാനുള്ള സ്ഥാപനമായി പരിമിതപ്പെടില്ല ഈ സർവ്വകലാശാല.

സാങ്കേതികവിദ്യ ആദ്യം വികസിക്കുന്നത് ഇപ്പോഴും അമേരിക്കയിൽ തന്നെയാണ്.

അതുപോകട്ടെ ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടാൻ ഇനി വേണ്ടത് ഓട്ടോണമിയാണ്. ഇന്ത്യയിൽ ആയിരത്തി മുന്നൂറോളം ഓട്ടോണമസ് കോളേജുകൾ ഉണ്ട്. കേരളത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജും മാർ ഇവാനിയോസും എറണാകുളം മഹാരാജാസും അടക്കം 13 കോളേജുകൾക്ക് ഓട്ടോണമി നൽകാനുള്ള ഉന്നത വിദ്യാഭ്യാസ കൗൺസലിന്റെ ശുപാർശ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

ഇങ്ങനെ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താനുള്ള ആറേഴു പോയിന്റുകൾ ശ്രീനിവാസൻ എണ്ണിപ്പറയുന്നുണ്ട്. അക്കൂട്ടത്തിൽ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നവും പറഞ്ഞു. അത് 'റൂസ'യെ സംബന്ധിച്ചാണ്. കേന്ദ്ര മനുഷ്യവിഭവശേഷി




ഹയർ എഡ്യൂക്കേഷൻ 2.0 ആണ് ടി.പി ശ്രീനിവാസന്റെ ലക്ഷ്യം



**കേരളത്തിലെ കോളേജ് അദ്ധ്യാപകർക്ക് പഠിപ്പിക്കാൻ ഒരു പരിശീലനം ആവശ്യമാണ്. കാരണം എങ്ങനെ പഠിപ്പിക്കണമെന്ന് അവരെ ആരും പഠിപ്പിച്ചിട്ടില്ല. പിഎച്ച്.ഡിയും നെറ്റും പാസ്സായ മിടുക്കരാകും അവർ. പക്ഷേ, പഠിപ്പിക്കാൻ പഠിച്ചിട്ടുണ്ടോ എന്ന് ആരും ചോദിക്കില്ല.**

മന്ത്രാലയമാണല്ലോ 'റൂസ' കൊണ്ടുവരുന്നത്. അതിനൊരു കാരണമുണ്ട്.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസരംഗം നാലു വിഭാഗങ്ങളിലായാണ് നടന്നുവരുന്നത്. ആദ്യത്തേതിൽ കേന്ദ്ര യൂണിവേഴ്സിറ്റി, ഐ.ഐ.ടി., എൻ.ഐ.ടി., ഐസർ, ദേശീയപ്രാധാന്യമുള്ള മറ്റു സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ബാക്കിയുള്ള മൂന്നു വിഭാഗങ്ങളിൽ സംസ്ഥാന യൂണിവേഴ്സിറ്റികളും ഡീംഡ് സ്ഥാപനങ്ങളും സ്വകാര്യ സംരംഭങ്ങളുമാണുള്ളത്. ഈ രംഗത്തെ വിചിത്രമായ സംഗതി കേന്ദ്രത്തിന്റെ ഫണ്ടു മുഴുവൻ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേക്ക് പോകുമ്പോൾ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നത് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളിലാണ് എന്നതാണ്. അപ്പോൾ ഫണ്ടിന്റെ ബലവും വിദ്യാർത്ഥികളുടെ എണ്ണവും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രഫണ്ട് കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കാൻ പുതിയൊരു സംവിധാനം ഉണ്ടായേ തീരൂ. സർക്കാരോ യു.ജി.സിയോ ഭരണം നടത്തുന്നതിനു പകരം അതത് സംസ്ഥാനങ്ങളിലെ



# പുരാവസ്തു പാഠപുസ്തകമായി വീട്ടിലെത്തിക്കുന്ന മലയാളി

ന്യൂയോർക്ക് മെട്രോപൊളിറ്റൻ മ്യൂസിയത്തിലെ ചീഫ് ഡിജിറ്റൽ ഓഫീസർ ശ്രീ ശ്രീനിവാസൻ

മ്യൂസിയത്തെ പാഠപുസ്തകമായി അവതരിപ്പിക്കുന്ന ഒരു നവ്യാനുഭവം അമേരിക്കയിൽ രൂപംകൊണ്ടതായി ശ്രീനിവാസൻ പറഞ്ഞു. മ്യൂസിയത്തിലെ ഓരോ വസ്തുവും വീടുകളിലേക്ക് ഓൺലൈൻവഴി എത്തിക്കുന്നതാണ് ഈ പദ്ധതി. ലോകപ്രശസ്തമായ ന്യൂയോർക്ക് മെട്രോപൊളിറ്റൻ മ്യൂസിയത്തിൽ ഇതിന് തുടക്കമിട്ടുകഴിഞ്ഞു. ഇതിനു നേതൃത്വം നൽകുന്നത് ടി.പി. ശ്രീനിവാസന്റെ മകൻ ശ്രീ ശ്രീനിവാസനാണ്. മ്യൂസിയത്തിന്റെ ആദ്യത്തെ ചീഫ് ഡിജിറ്റൽ ഓഫീസർ (സി.ഡി. ഒ.) ആയി സമീപകാലത്താണ് അദ്ദേഹം നിയമിതനായത്. ശില്പവും ചിത്രവും പുരാവസ്തുവും അടക്കം 20 ലക്ഷം സാമഗ്രികളാണ് ന്യൂയോർക്ക് മ്യൂസിയത്തിൽ ഉള്ളത്. ഇതിൽ ഓരോന്നും വീടുകളിലിരുന്ന് കാണാനും പഠിക്കാനും പറ്റുംവിധം ഡിജിറ്റലായി അവതരിപ്പിക്കാനുള്ള വൻപദ്ധതിയാണ് നടന്നുവരുന്നത്. ഓരോ പുരാവസ്തുവും ഒരു പാഠപുസ്തകമായി വായിച്ചറിയുന്നവിധം അവതരിപ്പിക്കുന്ന രീതി.

ശ്രീ ശ്രീനിവാസൻ നേരത്തെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ ചീഫ് ഡിജിറ്റൽ ഓഫീസറായിരുന്നു. 1993 മുതൽ കൊളംബിയ ജേർണലിസം സ്കൂളിൽ ഡിജിറ്റൽ ജേർണലിസം പ്രൊഫസറായിരുന്നു. (SREE.NETൽ ശ്രീ ശ്രീനിവാസനുമായി ബന്ധപ്പെടാം.)

ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ പ്രത്യേക അക്കാദമിക് ബോഡി രൂപീകരിച്ച് അവരെ ഭരണം ഏല്പിക്കണം. ഇവർ തയ്യാറാക്കുന്ന ഉന്നത വിദ്യാഭ്യാസപദ്ധതി അനുസരിച്ച് കേന്ദ്രസർക്കാരിന്റെ പണം കിട്ടും. നൂറു കോടിയുടെ പദ്ധതിയാണെങ്കിൽ 65 കോടി കേന്ദ്രം തരും. ബാക്കി 35 കോടി സംസ്ഥാന സർക്കാർ നൽകണം. രണ്ടു തുകയും കൗൺസിലിലെ ബാങ്ക് അക്കൗണ്ടിലേ നിക്ഷേപിക്കാവൂ എന്നും വ്യവസ്ഥയുണ്ട്. പക്ഷേ, കേരളത്തിന്റെ കാര്യത്തിൽ സർക്കാരും കൗൺസിലും ചേർന്നുള്ള ജോയിന്റ് അക്കൗണ്ടാണ്. ഇക്കാര്യത്തിൽ ശ്രീനിവാസന് പരാതിയൊന്നുമില്ല. പരാതിയുള്ളത് അക്കാദമിക് കൗൺസിൽ രൂപീകരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചെങ്കിലും സർക്കാർ തീരുമാനമെടുക്കാതെ നീട്ടുന്നതിലാണ്. സർക്കാർ തീരുമാനമെടുക്കാൻ വൈകിയാൽ പദ്ധതി സമർപ്പിക്കാനും വൈകും. അപ്പോൾ കേന്ദ്രഫണ്ട് കിട്ടാതെ വരും. കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയം 9,000 കോടി രൂപയാണ് ഉന്നതവിദ്യാഭ്യാസത്തിനായി മാറ്റിവച്ചിട്ടുള്ളത്. രണ്ടു പഞ്ചവത്സരപദ്ധതികളിലായി എട്ടുവർഷത്തേക്കാണ് ഈ തുക. ഇന്ത്യയിൽ ഇപ്പോൾ 21 ഉന്നത വിദ്യാഭ്യാസ കൗൺസിലുകളാണുള്ളത്. അവരിൽ ഏറെപ്പേരും പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചുകഴിഞ്ഞു. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആദ്യം രൂപീകരിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്നത് മറ്റൊരു കാര്യം.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് 2020 ആകുമ്പോൾ 30 ശതമാനം വിദ്യാർത്ഥികൾ എൻറോൾ ചെയ്യണം എന്നതാണ് ലക്ഷ്യം. അതായത് 17നും 25നും മദ്ധ്യേ പ്രായമുള്ളവരിൽ 30 ശതമാനം ഉന്നത വിദ്യാഭ്യാസത്തിനു പോകണം. കേരളത്തിൽ ഇപ്പോൾ 23 ശതമാനമാണ് ഈ നിരക്ക്. മറ്റു സംസ്ഥാനങ്ങളിൽ 16–17 ശതമാനമേ ഉന്നത വിദ്യാസ്യാസത്തിന് പോകുന്നുള്ളൂ. വികസിതരാജ്യങ്ങളിൽ ഇത്ര ശതമാനമൊന്നും ഉന്നത വിദ്യാഭ്യാസത്തിനു പോകുന്നില്ല എന്നതാണ് വിസ്മയകരമായ കാര്യം. കാരണം അവിടെ ഈ പ്രായം എത്തും മുമ്പേ വിദ്യാർത്ഥികൾ ഒരു തൊഴിൽ കണ്ടെത്തി ആ വഴിക്കു പോകുന്നു. പിന്നീട് ആ തൊഴിലിൽ ഇരുന്നുകൊണ്ടുതന്നെ ഉന്നതബിരുദവും നേടുന്നു. ഇവിടെ ഉന്നത വിദ്യാഭ്യാസം നേടിയിട്ടാണല്ലോ ഇനി എന്തു തൊഴിൽ ചെയ്യാമെന്ന് ആലോചിക്കുന്നത്. അതുകൊണ്ട് എം.എ. ഫിലോസഫിക്കാരൻ ബസ് കണ്ടക്ടർ ആകുന്നു. ബി.ടെക്കുകാരൻ എൽ.ഡി. ക്ളാർക്കും! നമുക്ക് തൊഴിലിനെപ്പറ്റി ഒരു മഹത്വവും ഇല്ല. എന്റെ മകനെ വെൽഡർ ആക്കാൻ ആഗ്രഹിക്കുന്നു എന്ന് ഏതു പിതാവ് പറയും? പക്ഷേ, യൂറോപ്പിൽ 'എന്റെ മകനെ ലോകത്തെ ഏറ്റവും പ്രശസ്തനായ വെൽഡറാക്കാൻ ആഗ്രഹിക്കുന്നു' എന്നു വിളിച്ചുപറയും. അതാണ് തൊഴിലിനോടുള്ള മാന്യത. നമ്മൾ ആ ശീലത്തിലേക്ക് പെട്ടെന്ന് വരില്ല.

കൂടുതൽ വിദ്യാർത്ഥികളെ ഉന്നത വിദ്യാസ്യാസത്തിലേക്ക് ആകർഷിക്കുമ്പോൾ തന്നെ എംപ്ളോയബിലിറ്റി, കോമ്പറ്റിറ്റീവ്നസ് എന്നിവ ഉയർത്തണം. ഇതു പറയുമ്പോൾ മലയാളി ബുദ്ധിജീവികൾ ചാടിവീഴും. ദാ വിദ്യാഭ്യാസരംഗം ശ്രീനിവാസൻ കച്ചവടച്ചരക്കാക്കുന്നു എന്ന്. ഇവിടെയും ഉദാഹരണം പറയാൻ വിദേശത്തേക്ക് പോകേണ്ടിവരും. ജർമ്മനിയിലെ ഒരു കോളേജിനോട് സമീപകാലത്ത് അച്ചടിവ്യവസായമേഖല ആവശ്യപ്പെട്ടത് തങ്ങൾക്ക് പ്രിന്റിംഗ് ടെക്നോളജി പാസ്സായ 500 പേരെ വേണമെന്നാണ്. ഇതിനുള്ള ഫണ്ട്, എൻഡോവ്മെന്റ് എന്ന നിലയിൽ വ്യവസായികൾ നൽകി. സിലബസും മറ്റും യൂണിവേഴ്സിറ്റി തയ്യാറാക്കി. അതിന്റെ ഫലമോ, പ്രിന്റിംഗ് ടെക്നോളജി പാസ്സായ ഉടൻ 500 പേരും ശമ്പളക്കാരായി. സമാനമായ ഒരു സാഹചര്യം കേരളത്തിലും ഉണ്ടാകണമെങ്കിൽ കോളേജുകൾക്ക് സ്വയംഭരണാവകാശം ലഭിക്കണം. അല്ലാത്തപക്ഷം യൂണിവേഴ്സിറ്റി നിർദ്ദേശിക്കുന്ന കോഴ്സ് മാത്രമേ പഠിപ്പിക്കാനാകൂ. വിദ്യാഭ്യാസത്തിന്റെ 50 ശതമാനം ചെലവും വ്യവസായരംഗം വഹിക്കണമെന്ന് ഇൻഫോസിസിൻ നാരായണമൂർത്തി നിർദ്ദേശിചത് ഇവിടെ ഓർമ്മിക്കാം. അങ്ങനെ പങ്കാളിത്തം ഉണ്ടാകണമെങ്കിൽ വിദ്യാഭ്യാസരംഗത്ത് വ്യവസായികൾക്ക് ഒരു ഓഹരി പങ്കാളിത്തം വേണ്ടിവരും. കേരളത്തിൽ വൻവ്യവസായങ്ങൾ ഒന്നുമില്ലാത്തതിനാൽ ആ രീതിയിലുള്ള പങ്കാളിത്തവും പ്രതീക്ഷിക്കാനില്ല. ഐ.ടിയുടെ കാര്യത്തിൽ ഏതു ബിരുദക്കാരനെയും ഐ.ടി. ഉദ്യോഗസ്ഥനാക്കാമല്ലോ?

ഇതൊക്കെ പറയുമ്പോഴും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ നിലവാരം മോശമല്ലെന്ന് ശ്രീനിവാസൻ ചൂണ്ടിക്കാട്ടുന്നു. രണ്ടുവർഷം മുമ്പ് സിവിൽ സർവീസ്

> നമുക്ക് തൊഴിലിനെപ്പറ്റി ഒരു മഹത്വവും ഇല്ല. എന്റെ മകനെ വെൽഡർ ആക്കാൻ ആഗ്രഹിക്കുന്നു എന്ന് ഏതു പിതാവ് പറയും? പക്ഷേ, യൂറോപ്പിൽ 'എന്റെ മകനെ ലോകത്തെ ഏറ്റവും പ്രശസ്തനായ വെൽഡറാക്കാൻ ആഗ്രഹിക്കുന്നു' എന്നു വിളിച്ചുപറയും. അതാണ് തൊഴിലിനോടുള്ള മാന്യത



NBS NEWS

SAHITYA PRAVARTHAKA C.S. LTD. KOTTAYAM spcs

## മിത്ത് ചരിത്രം സമൂഹം

രാജൻ ഗുരുക്കൾ



മിത്തുകളുടെ സാമൂഹ്യതയെപ്പറ്റിയും സാമൂഹ്യതയുടെ രൂപപ്പെടലിനെപ്പറ്റിയും ആ പ്രക്രിയയിലെ സാംസ്കാരികാവിഷ്കാരങ്ങളെക്കുറിച്ചും ആവിഷ്കാരങ്ങളുടെ അപഗ്രഥനത്തെക്കുറിച്ചും അപഗ്രഥനത്തിന്റെ രീതിശാസ്ത്രത്തെപ്പറ്റിയും രീതിശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളെപ്പറ്റിയും സിദ്ധാന്തങ്ങളുടെ രാഷ്ട്രീയത്തെക്കുറിച്ചും രാഷ്ട്രീയത്തിന്റെ അപൂർവ്വമാനങ്ങളെക്കുറിച്ചും ആഴത്തിൽ അന്വേഷിക്കുന്ന എഴുപതു പ്രബന്ധങ്ങൾ.

₹440

## ശ്രീനാരായണഗുരുവും ശിഷ്യന്മാരും

കോട്ടുകോയിക്കൽ വേലായുധൻ




ശ്രീനാരായണ ഗുരുദേവന്റെ ജീവിതത്തിലെ ബഹുമുഖ സംഭവങ്ങളുടെ സംക്ഷിപ്ത വിവരണവും ഗുരുവിനോടുള്ള അത്യഗാധ ഭക്തിയും ത്യാഗജീവിത വിശുദ്ധിയും സന്ന്യാസിവര്യന്മാരുടെ അനുഭവ സാക്ഷ്യങ്ങളും ഒരുപോലെ ഉദാത്തമാക്കുന്ന മഹത്ഗ്രന്ഥം.

₹115

**നാഷണൽ ബുക്ക് സ്റ്റാൾ**

കോട്ടയം 1, ഫോൺ: 0481 2564111, 2301812

www.nationalbookstall.com


പരീക്ഷയിലെ ആദ്യത്തെ നാലു റാങ്ക് കേരളത്തിനായിരുന്നല്ലോ! സത്യത്തിൽ അവർ മത്സരിച്ചത് ഇന്ത്യയിലെ പ്രശസ്ത സ്ഥാപനങ്ങളിൽ പഠിച്ചവരോടു മാത്രമല്ല, സിവിൽ സർവ്വീസ് എഴുതാൻ യൂറോപ്പിലും അമേരിക്കയിലും പഠിച്ച വിദ്യാർത്ഥികളും ഉണ്ടാകും. ലണ്ടനിൽ സിവിൽ സർവീസ് പരീക്ഷാകേന്ദ്രമുണ്ട്. ശ്രീനിവാസൻ സിവിൽ സർവീസ് പരീക്ഷ എഴുതിയ കാലത്തും ലണ്ടനിലെ പരീക്ഷാകേന്ദ്രം ഉണ്ട്.

സിവിൽ സർവ്വീസിൽ മാത്രമല്ലല്ലോ മലയാളിയുടെ തിളക്കം. ലോകത്തെ മുൻനിര സ്ഥാനങ്ങളിലൊക്കെ മലയാളിയുടെ സാന്നിദ്ധ്യമുണ്ട്. പക്ഷേ, അതൊക്കെ നമ്മുടെ സ്ഥാപനത്തിന്റെ മിടുക്കാണ് എന്നു ധരിക്കരുത്. വിദ്യാർത്ഥികൾ മിടുക്കരായതിനാൽ മുന്നിലെത്തുന്നു. കൂടുതൽ മിടുക്കരെ സ്ഥാപനത്തിന് സൃഷ്ടിക്കാനാവുന്നില്ല എന്നതാണ് സത്യം. നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിന് ഏകീകൃത ഗുണനിലവാരം ഇല്ല. അക്ഷരം അറിയാത്തവരും ബിരുദം നേടുന്നു എന്നോർക്കുക!

ലോകത്തെ ഏതു യൂണിവേഴ്സിറ്റിയിലും മൂന്നു കൊല്ലം കൂടുമ്പോൾ സിലബസ് മാറും. നമ്മളും മാറണമെന്നു പറയുന്നതല്ലാതെ കാര്യമായി ഉൾക്കൊള്ളാനാകുന്നില്ല. ഫിസിക്സ് വിദ്യാർത്ഥികളെ മോഡേൺ ഫിസിക്സ് അല്ല അദ്ധ്യാപകർ പഠിപ്പിക്കുന്നത്. മോഡേൺ ഫിസിക്സ് സിലബസിന് പുറത്തുനിന്നും സമർത്ഥരായ വിദ്യാർത്ഥികൾ അറിയും. അതാണ് നേരത്തെ പറഞ്ഞത്, അദ്ധ്യാപകർ അറിവിന്റെ കേന്ദ്രമല്ല, വഴികാട്ടി മാത്രമാണെന്ന്.

ലോകത്തെ ഏറ്റവും മുന്തിയ നൂറു യൂണിവേഴ്സിറ്റികളുടെ ലിസ്റ്റ് വരുമ്പോൾ ഇന്ത്യയിലെ ഒരു യൂണിവേഴ്സിറ്റിയും അതിൽ കാണാറില്ല. അതിനു കാരണം നമ്മുടെ നിലവാരക്കുറവ് മാത്രമല്ല. നോബൽ സമ്മാനം നേടിയ പ്രൊഫസർമാരുണ്ടോ, എത്ര ഗവേഷണം നടന്നിട്ടുണ്ട് എന്നൊക്കെയാണ് മാനദണ്ഡം. അങ്ങനെ നോക്കുമ്പോൾ ഇന്ത്യ ലിസ്റ്റിൽ കയറില്ല. ലണ്ടൻ ടൈംസിന്റെ ഹയർ എഡ്യൂക്കേഷൻ ലിസ്റ്റ് തയ്യാറാക്കുന്ന രീതി ഇങ്ങനെയൊക്കെയാണ്.

അതേസമയം ടൈംസിന്റെ തന്നെ 50 വർഷത്തിൽ താഴെ പ്രായമുള്ള 100 ആധുനിക യൂണിവേഴ്സിറ്റികളുടെ ലിസ്റ്റിൽ ഗോഹട്ടി ഐ.ഐ.ടി. ഉണ്ട്. 'ബ്രിക്സ്' രാജ്യങ്ങളിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ ആദ്യത്തെ പത്തെണ്ണം ചൈനയിൽ നിന്നാണ്. എങ്കിലും റഷ്യയ്ക്കു മുമ്പേ ഇന്ത്യ ലിസ്റ്റിൽ വന്നിട്ടുണ്ട്. ഇന്ത്യയിൽ നിന്നും പഞ്ചാബ് യൂണിവേഴ്സിറ്റിയാണ് പട്ടികയിൽ ഉള്ളത്. കാർഷിക ഗവേഷണരംഗത്തെ നേട്ടങ്ങളാണ് അവരെ പട്ടികയിൽ ഉൾപ്പെടുത്തിയ ഘടകം. കാർഷിക ഗവേഷണം സംബന്ധിച്ച് പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും എത്ര സൈറ്റേഷൻ ഉണ്ടായി എന്നാണ് ബ്രിക്സ് ലിസ്റ്റ് തയ്യാറാക്കിയവർ പരിഗണിച്ചത്. ലോകനിലവാരവും നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ആവശ്യവും തമ്മിൽ അന്തരമുണ്ട്. ലോകനില വാരത്തിൽ എത്തിയില്ലെങ്കിലും നമുക്ക് ഏറെ മുന്നേറാൻ കഴിയണം അതിന് സാങ്കേതികവിദ്യ ഉപയോഗിക്കണം. അദ്ധ്യാപകരും ആധുനികരാകണം.

സാങ്കേതികവിദ്യയിലൂടെ വിദ്യാഭ്യാസരംഗം മുന്നേറുമ്പോൾ വലിയ കാമ്പസ്സും യൂണിവേഴ്സിറ്റി തന്നെയും എന്തിന് എന്നൊരു ചോദ്യമുണ്ട്. കോളേജും യൂണിവേഴ്സിറ്റിയും ഇല്ലാതാകുന്ന ഒരു കാലം വിദൂരമല്ല. അദ്ധ്യാപകനും വിദ്യാർത്ഥിയും മുഖാമുഖം കാണാതെയുള്ള വിദ്യാഭ്യാസം എന്തിനു കൊള്ളാം എന്ന ആശങ്കയും ഉയരുന്നുണ്ട്. ആ ചർച്ചയൊക്കെ നടന്നോട്ടെ. പക്ഷേ, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നിലവാരം ഉയർത്തുന്നതിന് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ എന്താണ് തെറ്റ്? ശ്രീനിവാസന്റെ നിർദ്ദേശം കേരളം ചർച്ച ചെയ്യട്ടെ.


(ടി.പി. ശ്രീനിവാസൻ : 9847721656
email: tpsreenivasan@gmail.com)






# മഴക്കാഴ്ചകൾ

**അബ്ദുള്ള പേരാമ്പ്ര**

മഴയത്ത്,
നനയാതിരിക്കാനായി
ഭൂമി ചൂടിയ തൊപ്പിക്കുടകളായ് കുന്നുകൾ
ദൂരെ നിന്നെന്നെ വിളിക്കുന്നു ചെല്ലുവാൻ.
ആറ്റുവക്കത്തെ,
ഞാവൽമരത്തിൽ
പ്രണയം കൊത്തിരസിക്കും പൊന്മകളെ
തൊട്ടുതലോടി മഴ ചിരിക്കുന്നു.
ആകെ നാണിച്ച പെണ്ണിൻകവിളായ്
ചുവന്നുതുടുക്കുന്നു പുഴഞൊറിവുകൾ.
ചുരത്തിൽ,
മഴക്കാടുകൾക്കിടയിലൂടെ
ആകെ നനഞ്ഞ് മറ്റൊരു മഴയായി
ഒൻപതാം വളവു മറയുന്നു ഒരു
യാത്രികൻ...

ഉച്ചനേരത്ത്,
മഴ കൊത്തിയിളക്കിയ മണ്ണിൽ
സൂര്യനിട്ട വെയിൽവിത്തുകളെ
കൊത്തിമുറിച്ച് രസിക്കുന്നു
നിനയ്ക്കാതെ പെയ്ത പെരുംമഴ.
അതാ വയൽവരമ്പത്തിരുന്നൊരാൾ
ചൂണ്ടയിട്ടു വിറയ്ക്കുന്നു.
ഒറ്റക്കാലിലിരുന്ന്
ഒരു തുണ്ടുമേഘമായ്
ചരിഞ്ഞുനോക്കുന്നു കൊറ്റിയത്.
ഈ മഴക്കാലത്തും
പനിച്ചുവിറച്ചുകിടക്കുമ്പോൾ
ജാലകം വഴി വന്നെന്നെ വിളിക്കാൻ
മഴയോടൊപ്പമുണ്ടാവുമോ നീ?

മുറ്റത്തെ മഴപ്പാച്ചിലിൽ
കടലാസ് തോണിയിറക്കിക്കളിക്കും
ബാല്യങ്ങളെ
ആരാണ് പെട്ടെന്ന് മുതിർന്നവരാക്കിയത്?

അബ്ദുള്ള പേരാമ്പ്ര : 9846323768)

# ചിലപ്പോൾ

**അടുതല ജയപ്രകാശ്**

ചിലപ്പോൾ
മഴപ്പൊടിപ്പുപോൽ
മൃദുമൃദുലം
മിഴി നിറഞ്ഞും
പദം പറഞ്ഞും
പദമളന്നും
പദവികൾ മറന്നും
പഴമകൾ പുലമ്പിയും

ചിലപ്പോൾ
തെറികൾ വറുക്കുംപോലെ
നെറികേടുകൾക്കു നേരെ
തെറിച്ചുപൊട്ടിയും
തെരഞ്ഞുപിടിച്ചും
ശരംതൊടുത്തു
ശല്യമറുത്തും
ശലാകയായെരിച്ചും

ചിലപ്പോൾ
ചിങ്ങഭംഗികൾ വിടരും കണക്ക്
സൗമ്യസുഗന്ധമായും
സുഖദസ്മരണകൾ വിളമ്പിയും
കുഗ്രാമവഴികൾ തെളിച്ചും
കൗതുകം കാഴ്ചകൾ കാട്ടിയും
കരം ഗ്രഹിച്ചും
കൂടെ നടന്നും

ചിലപ്പോൾ
സഹനത്തിനമ്ലം കുടിക്കുംവിധം
ഉഷ്ണഖേദജ്ഞങ്ങളിൽ താദാത്മ്യം പ്രാപിച്ചും
രക്തസാഹോദര്യം പ്രഖ്യാപിച്ചും
പൊട്ടിക്കരച്ചിലിന്നിടവങ്ങളിൽ
ഞെട്ടിച്ചുണർത്തിയും
കൈയേറ്റ പോക്കിരിത്തങ്ങളി-
ലിടിവാൾ ചുഴറ്റിയും

ചിലപ്പോൾ
ചിത്രപതംഗങ്ങൾ പറക്കും സമം
പുഷ്പദലങ്ങൾ കൊഴിച്ചും
വർഷകാല കാർമ്മുകം കുലയ്ക്കും
വർണ്ണമേഘങ്ങൾ ചാലിച്ചും
വായനയ്ക്കു കാല്പനികം
വാങ്മയം ചമച്ചും
വരബലം നൽകിയും

വിവരണാതീതം
വന്നു പിറക്കുന്നു
കവനക്കുരുന്നുകൾ
മൗനശിഖരങ്ങളിൽ

(അടുതല ജയപ്രകാശ് : 8089917940, 8129020395)